**Sree Sankaracharya University of Sanskrit, Kalady**
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**OFFICE OF THE PUBLIC RELATIONS**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in**

07-01-2026

# പ്രസിദ്ധീകരണത്തിന്

## 1. സംസ്കൃത സർവ്വകലാശാലയിൽ എക്സ്റ്റൻഷൻ ലക്ചർ സീരീസ്

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സോഷ്യൽ വർക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന എക്സ്റ്റൻഷൻ ലക്ചർ സീരീസ് ജനുവരി എട്ടിന് രാവിലെ 10 ന് കാലടി മുഖ്യ കാമ്പസിലെ അക്കാദമിക് ബ്ലോക്ക് ഒന്നിൽ നടക്കും. കൊച്ചിൻ ഷിപ്‌യാർഡ് കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി വിഭാഗം മേധാവി പി. എൻ. സമ്പത്ത്കുമാർ 'സമകാലിക ഇന്ത്യയിലെ കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി' എന്ന വിഷയത്തിൽ എക്സ്റ്റൻഷൻ ലക്ചർ നിർവ്വഹിക്കും. സോഷ്യൽ വർക്ക് വിഭാഗം മേധാവി പ്രൊഫ. ജോസ് ആന്റണി അദ്ധ്യക്ഷനായിരിക്കും. ഡോ. ആർ. ഷീലാമ്മ, കെ. കെ. അനീഷ് എന്നിവർ പ്രസംഗിക്കും.

## 2. സംസ്കൃത സർവ്വകലാശാലയിൽ ദ്വിദിന ദേശീയ സെമിനാർ ആരംഭിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ വിവർത്തന പഠന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കാലടി മുഖ്യ ക്യാമ്പസിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാർ ആരംഭിച്ചു. "ബ്രിഡ്ജിങ് വോയ്സസ്: എമർജിങ് ട്രെൻഡ്സ് ഇൻ ഡിസബിലിറ്റി ട്രാൻസ്ലേഷൻ എക്രോസ് ലാംഗ്വേജസ് ആന്റ് കൾച്ചേഴ്സ്" എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സെമിനാർ വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതകുമാരി ഉദ്ഘാടനം ചെയ്തു. വിവർത്തന പഠന കേന്ദ്രം കോർഡിനേറ്റർ പ്രൊഫ. പി എച്ച് ഇബ്രാഹിം കുട്ടി അധ്യക്ഷനായിരുന്നു.. ഡൽഹി യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ഡോ. സോമേശ്വർ സതി മുഖ്യപ്രഭാഷണം നടത്തി. സിൻഡിക്കേറ്റ് അംഗം ആർ അജയൻ, മലയാളം വകുപ്പ് മേധാവി പ്രൊഫ. കെ ആർ സജിത, താരതമ്യ സാഹിത്യ വിഭാഗം മേധാവി ഡോ. പി ജിംലി, എ എ സഹദ്, സുധി പാറപ്പുറത്താൻ, പി വി വിജു, ലക്ഷ്മി കോട്ടമ്മ, പി വൈ ആരിഫ് ഖാൻ എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ അടിക്കുറിപ്പ്:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ വിവർത്തന പഠന കേന്ദ്രം സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാർ വൈസ് ചാൻസലർ പ്രൊഫ. കെ കെ ഗീതകുമാരി ഉദ്ഘാടനം ചെയ്യുന്നു.

3. **സംസ്കൃത സർവ്വകലാശാലയിൽ ദേശീയ സെമിനാർ**

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദേശീയ സെമിനാർ ഇന്ന് (ജനുവരി എട്ട്) രാവിലെ പത്തിന് യൂട്ടിലിറ്റി സെന്ററിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു. 'തൊഴിൽ മേഖലയിലെ നൂതന പ്രവണതകൾ, നൈപുണ്യ വികസനം, ഗവേഷണം, കരിയർ ഗൈഡൻസ്' എന്നതാണ് ദേശീയ സെമിനാറിന്റെ വിഷയം. റോജി എം. ജോൺ എം. എൽ. എ. ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റ് അംഗം അഡ്വ. കെ. പ്രേംകുമാർ മുഖ്യപ്രഭാഷണം നിർവ്വഹിക്കും. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അദ്ധ്യക്ഷയായിരിക്കും. പഞ്ചായത്ത് പ്രസിഡന്റ് പൗളി ബേബി, സിൻഡിക്കേറ്റ് അംഗം അഡ്വ. കെ. എസ്. അരുൺകുമാർ, ഗ്രാമ പഞ്ചായത്ത് അംഗം പി. വി. സ്റ്റീഫൻ പട്ടത്തിൽ, ഡോ. ദിനു എം. ആർ, സിജു എസ്., ശ്രീലത വി. യു. എന്നിവർ പ്രസംഗിക്കും. എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിലെ ലൈബ്രറി ഉപയോഗിച്ച് പഠിച്ച് സർക്കാർ ജോലിയിൽ പ്രവേശിച്ച 40 ഉദ്യോഗാർത്ഥികളെ അനുമോദിക്കും. തുടർന്ന് നടക്കുന്ന സെമിനാറിൽ ഡോ. ടി. ടി. ശ്രീകുമാർ (ഡയറക്ടർ & പ്രൊഫസർ, എഡ്യൂക്കേഷണൽ മൾട്ടിമീഡിയ റിസർച്ച് സെന്റർ, സ്കൂൾ ഓഫ് ഇന്റർ ഡിസിപ്ലിനറി സ്റ്റഡീസ്, ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റി, ഹൈദരാബാദ്), ഡോ. അരവിന്ദ് നാരായണൻ (അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ആനിമേഷൻ & വി. എഫ്. എക്സ്, കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്ട്സ്, കോട്ടയം), ഡോ. അനൂപ് ജോർജ് (അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് ഹ്യുമാനിറ്റീസ് ആൻഡ് സോഷ്യൽ സയൻസസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, പാലക്കാട്) എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിക്കും. ഡോ. ശിവജ എസ്. നായർ, കൃഷ്ണകുമാർ കെ. കെ., ഡോ. ജോസ് ആന്റണി എന്നിവർ വിവിധ സെഷനുകളിൽ അധ്യക്ഷത വഹിക്കും. സംസ്ഥാന വൊക്കേഷണൽ ഗൈഡൻസ് ഓഫീസർ രാജേഷ് വി. ബി. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും. യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോ ഡെപ്യൂട്ടി ചീഫ് ശ്രീലത പി. യു. പ്രസംഗിക്കും.

**ജലീഷ് പീറ്റർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോൺ നം. 9447123075